LIBRARY ARCHIVES Kerala Legislative Assembly

പാനൂർ വില്ലേജ് ഓഫീസ് നിർമ്മിക്കാൻ സ്ഥലം

99 (6258) ശ്രീ. കെ. പി. മോഹനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിലെ പാനൂർ പഞ്ചായത്തിൽ, പഴശ്ശി കനാലിന്റെ ഒഴിഞ്ഞ് കിടക്കുന്ന സ്ഥലം പാനൂർ വില്ലേജ് ഓഫീസ് നിർമ്മാണത്തിന് അനുവദിക്കാൻവേണ്ടി നൽകിയ അപേക്ഷയുടെ പുരോഗതി വെളിപ്പെടുത്താമോ ;

(ബി) വില്ലേജ് ഓഫീസ് നിർമ്മിക്കാൻ ഏത് സർവ്വേ നമ്പർ പ്രകാരം എത്ര സെന്റ് സ്ഥലത്തിനാണ് ആവശ്യപ്പെട്ടതെന്ന് വെളിപ്പെടുത്തുമോ ;

(സി) പ്രസ്തുത സ്ഥലം എപ്പോൾ ലഭിക്കുമെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) വില്ലേജ് ഓഫീസ് നിർമ്മിക്കാൻ ആവശ്യപ്പെട്ടുകൊണ്ടുള്ള അപേക്ഷ കണ്ണൂർ ജില്ലാകളക്ടർ മുഖേന പഴശ്ശി ഇറിഗേഷൻ പ്രോജക്ട് ഡിവിഷൻ എക്സിക്യൂട്ടീവ് എൻജിനീയർ കണ്ണൂരിന് ലഭിച്ചിട്ടുണ്ട്. പ്രസ്തുത അപേക്ഷ പരിശോധിച്ചുവരികയാണ്.

(ബി) തലശ്ശേരി താലൂക്കിലെ പാനൂർ വില്ലേജിൽ റി.സ.7/10-ൽപ്പെട്ട ജലസേചന വകുപ്പിന്റെ 3.19 സെന്റ് സ്ഥലം

(സി) ഇതു സംബന്ധിച്ച് സർക്കാർ അന്തിമ തീരുമാനം ഇതുവരെ കൈക്കൊണ്ടിട്ടില്ല.

വാഴാനി പ്രോജക്ടിൽ കനാലുകളുടെ നവീകരണം

100 (6259) ശ്രീ. എ. സി. മൊയ്തീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വാഴാനി പ്രോജക്ടിൽ കനാലുകളുടെ നവീകരണത്തിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ ;

(ബി) കനാലിലൂടെ വെള്ളം തുറന്ന് വിടുമ്പോൾ ടെയിലെന്റിലെത്താൻ ചോർച്ച മൂലം ധാരാളം ദിവസമെടുക്കുന്നു എന്ന പ്രശ്നത്തിന് പരിഹാരം കാണുമോ ;

(സി) ഇതിനായി കനാൽ മുഴുവൻ കോൺക്രീറ്റ് ചെയ്യാൻ സമയ ബന്ധിതമായി നടപടി സ്വീകരിക്കുമോ ;

(ഡി) സ്പൗട്ടുകൾ കേടുവന്നത് റിപ്പയർ ചെയ്യാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ഇ) ഈ സാമ്പത്തിക വർഷം ഏതെല്ലാം പണികൾക്കാണ് അനുമതി നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.